ഹദീസ്

മൂസ ഉമരി, പാലക്കാട്
k.moosa.k.m@gmail.com

# ജീവിതം ചിട്ടപ്പെടുത്തുന്നത് എങ്ങനെ?

عَنْ أَبِي ثَعْلَبَةَ الْخُشَنِيِّ جُرْثُومِ بن نَاشِر رَضِيَ اللهُ عَنْهُ عَنِ النَّبِيّ صَلَّى اللهُ عَلَيْهِ وَسَلّم قَال : إِنَّ اللّٰهَ فَرَض فَرَائِض فَلَا تُضَيِّعُوهَا، وَحَدَّ حُدُودًا فَلَا تَعْتَدُوهَا، وَحَرَّمَ أَشْيَاءَ فَلَا تَنْتَهِكُوهَا، وَسَكَتَ عَنْ أَشْيَاءَ رَحْمَةً لَكُمْ غَيْر نِسْيَانٍ فَلَا تَبْحَثُوا عَنْهَا (حَدِيثٌ حَسَنٌ صَحِيح رَوَاهُ أبوبكر أحمد بن حسين البيهقى وعلى بن عمر الدَّارَقُطْنِيّ).

**അബൂസഅ്‌ലബ അൽഖുശനി ജുർസൂമുബ്നു നാശിറി(റ)ൽനിന്ന്. റസൂൽ (സ) പറഞ്ഞു: 'അല്ലാഹു ചില നിർബന്ധങ്ങൾ ചുമത്തിയിരിക്കുന്നു. നിങ്ങൾ അവയെ നഷ്ടപ്പെടുത്തരുത്. ചില അതിരുകൾ നിർണയിച്ചിരിക്കുന്നു, അവ മറികടക്കരുത്. ചില നിഷിദ്ധങ്ങൾ കൽപിച്ചിരിക്കുന്നു, അവ ലംഘിക്കരുത്. നിങ്ങളോടുള്ള കാരുണ്യംകൊണ്ട് ചില കാര്യങ്ങളിൽ നിശ്ശബ്ദത പാലിച്ചിരിക്കുന്നു. അത് മറന്നതുകൊണ്ടല്ല, അത്തരം കാര്യങ്ങൾ അന്വേഷിച്ചു പോകാതിരിക്കൂ' (ദാറഖുത്വ്നി).**

ഇസ്‌ലാമിക കർമാനുഷ്ഠാനങ്ങളുടെ സമഗ്രത വ്യക്തമാക്കിത്തരുന്ന നബിവചനമാണിത്. അതിവാദങ്ങളും യുക്തിസഹമോ പ്രാമാണികമോ അല്ലാത്ത ആചാരങ്ങളും ഇസ്‌ലാം അനുവദിക്കുന്നില്ല. ഏറെ മധ്യമവും വളരെ പ്രായോഗികവുമായ ഒരു ദീനീ അനുഷ്ഠാന കർമരീതി തന്റെ അനുചരന്മാർക്ക് കാണിച്ചുകൊടുക്കുകയായിരുന്നു റസൂൽ. അദ്ദേഹം അതിന്റെ കർമസാക്ഷിയായി. നിഷ്ഠയോടും പക്വതയോടും തന്റെ സ്വഹാബിവര്യരെ അവയൊക്കെയും പരിശീലിപ്പിക്കുകയും ചെയ്തു.

ഇസ്‌ലാമിൽ കുറച്ച് നിർബന്ധ കാര്യങ്ങളേ ഉള്ളൂ. അവ കൃത്യതയോടെ, സമർപ്പണ ഭാവത്തോടെ നിർവഹിക്കപ്പെടണം. അർകാനുൽ ഇസ്‌ലാം (ഇസ്‌ലാം കാര്യങ്ങൾ) എന്ന പേരിൽ ഫിഖ്ഹ് അവയെ പരിചയപ്പെടുത്തുന്നു. നമസ്‌കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ നിർബന്ധ കാര്യങ്ങളാണ് അവയിൽ മുഖ്യം. വിശ്വാസികളുടെ പ്രശ്നവും പ്രയാസവും കണക്കിലെടുത്ത് അവയിലൊക്കെയും ധാരാളം ഇളവുകളുമുണ്ട്. നിന്നുകൊണ്ടുള്ള നമസ്‌കാരം പ്രയാസകരമെങ്കിൽ ഇരുന്നും കിടന്നും നിർവഹിക്കാം. സകാത്ത് നിർബന്ധമാകുന്നതിന്റെ ഉപാധി തന്നെ ഒരു നിശ്ചിത പരിധി സമ്പത്തും വരുമാനവും അയാൾക്ക് ഉണ്ടായിരിക്കണം എന്നതാണ്. യാത്രാവേളയിലും രോഗാവസ്ഥയിലും നോമ്പ് മറ്റു ദിവസങ്ങളിലേക്ക് മാറ്റിവെക്കാം. വാർധക്യ അവശത, കടുത്ത രോഗം പോലുള്ള സാഹചര്യങ്ങളിൽ ദിവസ വ്രതത്തിന് പകരമായി ഒരു അഗതിക്കുള്ള ആഹാരം നൽകിയാലും മതി. ആയുഷ്കാലത്ത് ഒരിക്കൽ മാത്രം നിർബന്ധമായ ഹജ്ജിന്റെ നിബന്ധനകളും ഉപാധികളും ഏറെ സൗകര്യപ്രദമാണ്.

പക്ഷേ ഇവയെല്ലാം നിർബന്ധ കർമങ്ങളാണ്. വളരെ ആത്മാർഥതയോടെ അവ നിർവഹിക്കണം. അശ്രദ്ധയും അലംഭാവവും ഉദാസീനതയും ഈ നിർബന്ധ അനുഷ്ഠാനങ്ങളിൽ ഉണ്ടായിക്കൂടാ. അവയുടെ നിർവഹണത്തിലൂടെ വിശ്വാസി നേടുന്നത് തഖ്‌വയാണ്, ദൈവസാമീപ്യമാണ്. സമസൃഷ്ടിസ്നേഹം പ്രകടിപ്പിക്കാനുള്ള അവസരവും വിശ്വാസിക്ക് കൈവരുന്നു.

ഹദീസിൽ പിന്നീട് പറയുന്നത്, അല്ലാഹു നിർണയിച്ചുതന്ന ഹദ്ദുകളെ/പരിധികളെ പറ്റിയാണ്. ഉത്തമ സമൂഹസൃഷ്ടിക്ക് ഇത്തരം പരിധികൾ വെക്കേണ്ടത് ആവശ്യമായിവരും. ലൈംഗികത, സ്ത്രീപുരുഷ സംസർഗം, കുടുംബബന്ധങ്ങൾ, സാമ്പത്തിക ഇടപാടുകൾ എന്നിവ നന്മയിലും സൗഹൃദത്തിലും സദാചാര നിഷ്ഠയിലും ഉരുവപ്പെട്ടു വരണമെങ്കിൽ ഈ പരിധികളും നിയന്ത്രണങ്ങളും ഉണ്ടായേ പറ്റൂ. നിർബന്ധ കർമങ്ങൾ നിഷ്ഠയോടെ അനുഷ്ഠിച്ചാൽ തന്നെ വിശ്വാസികളുടെ ജീവിതത്തിൽ അത്തരം നിയന്ത്രണം വളരെ എളുപ്പത്തിൽ സ്വാഭാവികമായി തന്നെ വന്നു ചേരുന്നതാണ്.

നിഷിദ്ധമായിട്ടുള്ളതും ചില കാര്യങ്ങൾ മാത്രമാണ്. പക്ഷേ അവയിൽനിന്ന് വിട്ടുനിൽക്കാതിരിക്കുകയാണെങ്കിൽ മനുഷ്യജീവിതം ദുരിതപൂർണമായിത്തീരും. പൈശാചികത തിമിർത്താടും.

നമ്മുടെ സമകാലിക സാമൂഹികാവസ്ഥകൾ ഇതിനുള്ള സാക്ഷ്യമാണ്. മദ്യം, പലിശ, അരാജക ലൈംഗികത പോലുള്ള ദുർവൃത്തികൾ മനുഷ്യജീവിതത്തെ എവിടെകൊണ്ടെത്തിച്ചിരിക്കുന്നു!

നിർബന്ധങ്ങൾക്കും പരിമിത നിഷിദ്ധങ്ങൾക്കുമിടയിൽ അനുവാദങ്ങളുടെ വിശാല മേഖല വിശ്വാസികൾക്കായി അല്ലാഹു തുറന്നുവെച്ചിരിക്കുന്നു. അത് അല്ലാഹുവിന്റെ കൃപയാണ്, കരുണാകടാക്ഷമാണ്. മനുഷ്യന് അത് അനുഭവിച്ച് ആസ്വദിച്ചു ജീവിക്കാം. ചില കാര്യങ്ങൾ അല്ലാഹുവും പ്രവാചകനും പറയാതെ വിട്ടിരിക്കുന്നു. അത് ഓർമപ്പിശകുകൊണ്ടല്ല, അവയെക്കുറിച്ച് നിങ്ങൾ ചുഴിഞ്ഞന്വേഷിച്ചു പോവരുത്, അങ്ങനെ ചെയ്താൽ അത് നിങ്ങളെ പല പ്രയാസങ്ങളിലും കൊണ്ടെത്തിക്കും എന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. ●